(ഇ) ആംബുലൻസിനാവശ്യമായ ഡ്രൈവറെ നിയമിച്ച് ആംബുലൻസ് സൗകര്യം രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി എന്നത്തേക്ക് സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ), (ബി) & (സി) തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജിന് പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ആരോഗ്യവകുപ്പിൽ നിന്നും 2005 ജൂൺ മാസത്തിൽ ഒരു ആംബുലൻസ് അനുവദിച്ചിട്ടുണ്ട്.

(ഡി) ഇല്ല. എന്നാൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ച് വാഹനം ഉപയോഗിച്ചുവരുന്നു.

(ഇ) പ്രോദ്യം ഉദിക്കുന്നില്ല.

ഹോമിയോ മെഡിക്കൽ കോളേജുകളിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫസർ തസ്തിക ഉണ്ടായിരിക്കണമെന്ന നിർദ്ദേശം

177 [1783] *ശ്രീ. പി. കെ. കെ. ബാവ :*
„ *പി. കെ. അബ്ദുറബ്ബ് :*
„ *സി. മോയിൻ കുട്ടി :*
„ *ടി. പി. എം. സാഹിർ :*
„ *സി. മമ്മൂട്ടി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ മെഡിക്കൽ കോളേജുകളിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫസർ തസ്തിക ഉണ്ടായിരിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഈ നിർദ്ദേശമനുസരിച്ച് പോസ്റ്റുകൾ അനുവദിക്കുന്നതിനും നിയമനം നടത്തുന്നതിനുമുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഇതിന്റെ നടപടി എന്നത്തേക്ക് പൂർത്തിയാക്കി തസ്തികകൾ സൃഷ്ടിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഈ നിർദ്ദേശമനുസരിച്ച് തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

സുനാമി ബാധിത സ്ഥലങ്ങളിൽ വർദ്ധിച്ചുവരുന്ന മനോരോഗം തടയുവാൻ നടപടി

178 [1784] *ഡോ. എം. എ. കുട്ടപ്പൻ :*
ശ്രീ. വി. ജെ. പൗലോസ് :
„ *ജോർജ് ജെ. മാത്യു :*
„ *ടി. എൻ പ്രതാപൻ :*
„ *എം. എം. ഹസ്സൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി നാശം വിതച്ച സ്ഥലങ്ങളിൽ മനോരോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ ;

(ബി) ഇവരെ ഈ രോഗത്തിൽനിന്ന് മുക്തരാക്കുവാൻ എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) കൊടിയ ദുരന്തത്തിന് ഇരയാകുന്നവരിൽ സാധാരണയായി കണ്ടുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ സുനാമി ബാധിത പ്രദേശങ്ങളിൽ ഉള്ളവരിലും ഉണ്ടായിട്ടുണ്ട്. അമിതമായ ഉത്കണ്ഠ, അകാരണമായ ഭയം, വിഷാദരോഗം, പലതരം മാനസിക സംഘർഷങ്ങൾ, ആത്മഹത്യാ പ്രവണത, മദ്യത്തിന്റെയും, മയക്കു മരുന്നിന്റെയും അമിതമായ ഉപയോഗം തുടങ്ങിയവയാണ് സുനാമി ദുരന്ത ബാധിതരിൽ കണ്ടെത്താൻ കഴിഞ്ഞത്. കൂടാതെ മുൻപേതന്നെ മാനസികരോഗം ഉണ്ടായിരുന്നവരിൽ രോഗം മൂർച്ഛിക്കുവാനും കാരണമായിട്ടുണ്ട്.

(ബി) സുനാമി ദുരിതബാധിതർക്ക് സാമൂഹികവും മാനസികവുമായ പരിരക്ഷ (സൈകോ സോഷ്യൽ സപ്പോർട്ട്) ലഭ്യമാക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ദുരന്തത്തിനു തൊട്ടുപിന്നാലെ തന്നെ ഇതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ മേൽനോട്ടത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഇത് നടപ്പിലാക്കിയത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഇപ്പോഴും ഈ പ്രവർത്തനം തുടർന്നുവരുന്നു. ലോകാരോഗ്യസംഘടനയുടെ സഹായത്തോടെ മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ നേതൃത്വത്തിലാണ് ഈ പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി സുനാമി ദുരന്തത്തിനിരയായ പ്രദേശങ്ങളിൽ ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചതനുസരിച്ച് സമൂഹതല പ്രവർത്തകരെ കണ്ടെത്തി ദുരന്ത ബാധിതർക്ക് ആവശ്യമായ പരിചരണം നൽകുന്നതിലേക്കുള്ള പരിശീലനം നൽകി ദുരന്ത ബാധിത മേഖലയിൽ വിന്യസിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുവാനായി സൈക്കോളജിസ്റ്റുകളേയും സൈക്യാട്രിക് സോഷ്യൽ വർക്കർമാരേയും നിയോഗിച്ചിട്ടുണ്ട്. ദുരന്ത ബാധിതരിൽ

LIBRARY ARCHIVES Kerala Legislative Assembly